**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 174** **05-02-2026 - ൽ മറുപടിയ്ക്ക്**

**പകർച്ചപ്പനി പടർന്ന് പിടിക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ തരം പനികൾ പടർന്ന് പിടിക്കുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉഷ്ണമേഖല കാലാവസ്ഥയും ഇടവിട്ടുള്ള മഴയും കാരണം ഡെങ്കി ഉൾപ്പെടെയുള്ള പകർച്ചപ്പനികൾ ഉണ്ടാകാൻ ഏറെ സാധ്യതയുള്ള ഇടമാണ് കേരളം. കാലാവസ്ഥയുടെ പ്രത്യേകത കൊണ്ട് ലോകാരോഗ്യ സംഘടന അടയാളപ്പെടുത്തിയ, ഡെങ്കി ഉണ്ടാകാൻ സാധ്യതയുള്ള ഭൂപ്രദേശങ്ങളിൽ ഒന്നാണ് ഇവിടം. എങ്കിലും സുശക്തമായ നിരീക്ഷണവും പ്രതിരോധവും കൊണ്ട് രോഗങ്ങൾ കണ്ടുപിടിക്കുകയും ചികിത്സിക്കുകയും ചെയ്യുന്നു. 2012-13- ൽ ഡെങ്കി മൂലമുള്ള മരണ നിരക്ക് 0.7 ആയിരുന്നു. ഇപ്പോൾ അത് 0.1 ആയി കുറയ്ക്കാൻ കഴിഞ്ഞു.<br><br>കേരളത്തിലെ സുതാര്യമായ റിപ്പോർട്ടിംഗ് സംവിധാനമാണ് ഈ കാലഘട്ടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. പകർച്ചവ്യാധി റിപ്പോർട്ടിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും സ്വകാര്യ മേഖലയെ കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്തുന്നതിനും ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിക്ക് ശേഷം വിവിധ പകർച്ചവ്യാധികൾ സ്ഥിരീകരിക്കുന്നതിന് പബ്ലിക് ഹെൽത്ത് ലാബുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 2026-ൽ നാളിതുവരെ 1.2 ലക്ഷത്തിലധികംപേർ പനി പിടിച്ച് ആശുപത്രികളിൽ ചികിത്സ തേടിയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ലഭ്യമായ കണക്കുകൾ പ്രകാരം, 2026-ൽ 29.01.2026 വരെ 1,95,865 പനികേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് പനി പടർന്ന് പിടിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾക്ക് കൃത്യമായ ചികിത്സ ഒരുക്കുന്നതിന് ആരോഗ്യ വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അതാത് ഇടങ്ങളിൽ കൃത്യമായ മാലിന്യ സംസ്കരണവും മറ്റും |

| | | | | |
|---|---|---|---|---|
| | | | | ഉറപ്പാക്കി രോഗപ്പകർച്ചകൾ ഒഴിവാക്കാൻ പ്രവർത്തനം നടത്തുന്നു. ആരോഗ്യ വകുപ്പ് ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കും പൊതുജനാരോഗ്യ ഇടപെടലുകൾക്കുമായി ആരോഗ്യ ജാഗ്രതാ കലണ്ടർ പ്രകാരം ഒരു വർഷത്തെ പരിപാടികൾ മുൻകൂട്ടി തീരുമാനിച്ച് നടപ്പിലാക്കുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും പകർച്ചവ്യാധികൾക്കെതിരെ മൈക്രോപ്ലാൻ തയ്യാറാക്കി ശുചീകരണവും മാലിന്യ സംസ്കരണവും രോഗപ്രതിരോധവും ഉറപ്പാക്കുന്നു. രാജ്യത്ത് ആദ്യമായാണ് ഇത്തരത്തിലുള്ള ഒരു പ്രവർത്തനം നടത്തുന്നത്.<br><br>സംസ്ഥാനത്ത് പനി പടർന്ന് പിടിക്കുന്നത് തടയാൻ സ്വീകരിച്ച മറ്റ് നടപടികൾ സംബന്ധിച്ച വിശദാംശം **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**<u>സംസ്ഥാനത്ത് പനി പടർന്ന് പിടിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ</u>**

- ആരോഗ്യജാഗ്രതാ കലണ്ടർ വർഷാരംഭത്തിൽ തന്നെ പ്രസിദ്ധീകരിക്കുകയും എല്ലാ ജില്ലകളിലും കലണ്ടർ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു.
- എല്ലാ മാസവും, മൂന്നാമത്തെ ചൊവ്വാഴ്ച ദിവസം Healthy Kerala പരിപാടിയുടെ ഭാഗമായി ഭക്ഷണസ്ഥാപനങ്ങളുടെയും മറ്റു പൊതുഇടങ്ങളിലുമുള്ള പരിശോധനകൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നു.
- എല്ലാ മാസവും സീനിയർ മെഡിക്കൽ ഓഫീസർമാരുടെ അവലോകന യോഗത്തിൽ പകർച്ചപ്പനിയടക്കമുള്ള പകർച്ചവ്യാധികളുടെ സ്ഥിതി വിശേഷം ചർച്ച ചെയ്ത് വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നു.
- എല്ലാ ആഴ്ചയിലും ജില്ലാ സർവെയലൻസ് ഓഫീസർമാരുടെ അവലോകന യോഗം കൃത്യമായി നടന്നുവരുന്നു. അവലോകന യോഗത്തിൽ ഓരോ ജില്ലയിലെയും കേസുകളുടെ നിരക്കും സാന്ദ്രതയും അവലോകനം ചെയ്തു തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനതലത്തിൽ നിന്നും നൽകുകയും ആവശ്യമുണ്ടെങ്കിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദഗ്ധസംഘത്തെ ജില്ലകളിലേക്ക് അയക്കുകയും ചെയ്യുന്നുണ്ട്.
- എല്ലാ ജില്ലകളിലും പ്രാണിജന്യരോഗ നിയന്ത്രണത്തിനായി പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള തിരുവനന്തപുരം, മലപ്പുറം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർമാർക്കും ഫീൽഡ് ജീവനക്കാർക്കും വിവിധ പരിശീലനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.
- കൊതുക് ജന്യ രോഗങ്ങൾ തടയുവാൻ ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ Source Reduction പ്രവർത്തനങ്ങൾ നടത്തുകയും വിദ്യാലയങ്ങൾ, ജോലിസ്ഥലങ്ങൾ, വീടുകൾ എന്നിവിടങ്ങളിൽ എല്ലാ ആഴ്ചയും യഥാക്രമം വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 'Dry Day' ആചരിക്കുകയും ചെയ്യുന്നു.
- എലിപ്പനി തടയുവാൻ രോഗം വരാൻ സാദ്ധ്യതയുള്ളവർക്ക് പ്രതിരോധത്തിനായി ഡോക്സിസൈക്ലിൻ ഗുളികകൾ നൽകി വരുന്നു.
- ജില്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് വേണ്ടി സ്റ്റേറ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന പകർച്ചവ്യാധികളെ പറ്റി online പരിശീലനങ്ങൾ നടന്നുവരുന്നു.
- ORS, Doxycycline, Bleaching Powder തുടങ്ങിയവയുടെ സ്റ്റോക്ക് എല്ലാ സ്ഥാപനങ്ങളിലും ഉറപ്പാക്കിയിട്ടുണ്ട്.
- പകർച്ചവ്യാധികൾ തടയുവാനുള്ള വിവിധ പ്രവർത്തനങ്ങളെപ്പറ്റിയും, പൊതുജനങ്ങൾ പാലിക്കേണ്ട കർത്തവ്യങ്ങളെപ്പറ്റിയും അവബോധം വിവിധ ദൃശ്യ-ശ്രാവ്യ-അച്ചടി-സാമൂഹിക മാദ്ധ്യമങ്ങളിലൂടെ നടന്നുവരുന്നു.
- പനിയുമായി ആശുപത്രിയിൽ വരുന്ന എല്ലാ രോഗികൾക്കും ഒ.പി, ഐ.പി ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. പനിരോഗങ്ങളുടെ എണ്ണം വർദ്ധിക്കുകയാണെങ്കിൽ കാഷ്വാലിറ്റിയിൽ ഫിവർ ക്ലിനിക്ക് തുടങ്ങുന്നതാണ്.
- പനിയുമായി വരുന്ന രോഗികൾക്ക് വേണ്ട ലാബ് പരിശോധന സൗകര്യങ്ങളും മരുന്നിന്റെ ലഭ്യതയും ഉറപ്പാക്കി.
- ഇത്തരം രോഗങ്ങളുമായി ഐ.പി ചികിത്സ തേടുന്ന രോഗികൾക്ക് പ്രത്യേകിച്ചും കൊതുക്ജന്യ രോഗങ്ങളുമായി വരുന്ന രോഗികളെ കിടത്തുന്നതിന് അത്തരം രോഗികളെ കിടത്തുന്ന വാർഡുകളിൽ കൊതുക വലയോട്ടുകൂടിയ കട്ടിലുകൾ തയ്യാറാക്കിയിട്ടുണ്ട്.
- Hospital Infection Control Committee Meeting നടത്തുകയും ആവശ്യമായ പ്രതിരോധ മാർഗ്ഗങ്ങളും മറ്റ് പ്രവർത്തനങ്ങളും നടത്തിവരികയും ചെയ്യുന്നു.
- മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും ഹോസ്റ്റലുകളിലും പകർച്ചവ്യാധികൾ തടയുന്നതിനുള്ള ബോധവൽക്കരണ ബോർഡുകൾ സ്ഥാപിച്ചു.

- പരിസര ശുചിത്വത്തെപ്പറ്റി സ്കൂളുകളിലും മറ്റ് പൊതുസ്ഥലങ്ങളിലും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.
- ഒ.പി യിൽ വരുന്ന രോഗികൾക്കിടയിൽ ഹൗസ് സർജന്മാരും പി.ജി വിദ്യാർത്ഥികളും ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.
- ഫാമിലി അഡോപ്ഷൻ പ്രോഗ്രാമിന്റെ ഭാഗമായി എം.ബി.ബി.എസ് വിദ്യാർത്ഥികൾ, വീടുകളിൽ പകർച്ചവ്യാധികളെക്കുറിച്ച് അറിയിപ്പും പ്രതിരോധ മാർഗ്ഗങ്ങളെപ്പറ്റിയുള്ള നിർദ്ദേശങ്ങളും നൽകി.
- മെഡിക്കൽ കോളേജുകളിലെ ഹോസ്റ്റലുകളിലും ജീവനക്കാരുടെ ക്വാർട്ടേഴ്സുകളിലും ഗവൺമെന്റ് നിർദ്ദേശപ്രകാരമുള്ള പിറ്റുകൾ നിർമ്മിച്ചുകൊണ്ട് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ